LIBRARY ARCHIVES Kerala Legislative Assembly

പാടിക്കൽ ചിത്രമൂല ചെക്ക്ഡാം നിർമ്മാണം

172(2208) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പാടിക്കൽ ചിത്രമൂല ചെക്ക്ഡാം നിർമ്മാണത്തിന്റെ പ്രവൃത്തി ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ചെക്ക്ഡാം നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ വരദൂർ തോടിന് കുറുകെ പാടിക്കര ചിത്രമൂലയിൽ ഒരു ചെക്ക്ഡാം നിർമ്മിക്കുന്നതിനുവേണ്ടിയായിരുന്നു പദ്ധതി ആവിഷ്കരിച്ചിരുന്നത്. എന്നാൽ 2018, 2019 വർഷങ്ങളിലെ പ്രളയത്തിനുശേഷം ഇൻവെസ്റ്റിഗേഷൻ നടത്തിയപ്പോൾ പുഴയുടെ ബെഡ് ലെവൽ താഴ്ന്നതായി കാണപ്പെട്ടു. നിലവിൽ ഇവിടെയുള്ള വാട്ടർ ലെവൽ പ്രൊപ്പോസ് ചെയ്ത ചെക്ക്ഡാമിന്റെ ഉയരത്തിനെക്കാൾ കൂടുതലായതിനാൽ ഇവിടെ ചെക്ക്ഡാം നിർമ്മിച്ചാൽ മുങ്ങിപ്പോകാൻ സാധ്യതയുണ്ട്. ആയതിനാൽ ഇവിടെ വി.സി.ബി. നിർമ്മിക്കുന്നതാണ് ഉചിതമെന്ന് കാണുന്നു. പാടശേഖരസമിതിയും ഇവിടെ വി.സി.ബി.-യോടൊപ്പം ടാക്ടർവേയും നിർമ്മിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മേൽസ്ഥലത്ത് വി.സി.ബി-കം-ടാക്ടർവേ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സമർപ്പിച്ചിരുന്നെങ്കിലും ലഭ്യമായ പ്രൊപ്പോസലിൽ ടാക്ടർവേ നിർമ്മാണംകൂടി ഉൾപ്പെട്ടതിനാൽ ആയതിന്റെ ഡിസൈൻ ഉൾപ്പെടെ വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

നാന്ദ്രാണി ചെക്ക്ഡാം ചോർച്ച

173(2209) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നഗരസഭയിലെ നാന്ദ്രാണി ചെക്ക്ഡാം ചോർച്ച പരിഹരിക്കുന്നതിന് 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം ലഭിച്ച പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലപ്പുറം നഗരസഭയിലെ കുടിവെള്ള പ്രശ്നങ്ങൾക്കുള്ള പരിഹാരമായ പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) കടലുണ്ടിപ്പുഴയ്ക്ക് കുറുകെ മലപ്പുറം അർബൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി 1995-ൽ നിർമ്മാണം പൂർത്തിയാക്കിയതാണ് നാന്ദ്രാണി ചെക്ക്ഡാം.

LIBRARY ARCHIVES Kerala Legislative Assembly

അശാസ്ത്രീയമായ മണലെടുപ്പുമൂലം ചെക്ക്ഡാമിന് ചെറിയ ചോർച്ചയുണ്ടാകാൻ സാധ്യതയുണ്ടെന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾക്കായി 160 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് 2017-ൽ തയ്യാറാക്കിയിരുന്നു. എന്നാൽ മലപ്പുറം നഗരത്തിലെ വർദ്ധിച്ചുവരുന്ന ജലഉപഭോഗം, തടയണയുടെ കാലപ്പഴക്കം എന്നീ വസ്തുതകൾ കണക്കിലെടുത്ത് പുതിയ ഒരു റഗുലേറ്റർ നിർമ്മിക്കുന്നതാണ് പ്രായോഗികമെന്ന നിഗമനത്തിലെത്തിച്ചേർന്നതിനാൽ ഭരണാനുമതി അടക്കമുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. മലപ്പുറം നഗരസഭയിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമായി കടലുണ്ടിപ്പുഴയ്ക്ക് കുറുകെ നാന്പ്രാണി കടവിൽ ഒരു പുതിയ റെഗുലേറ്റർ നിർമ്മിക്കുന്ന പദ്ധതി ജലസേചന വകുപ്പ് വിഭാവനം ചെയ്തിട്ടുണ്ട്. ആയതിന് നഗരസഭ 15.77 കോടി രൂപ ജലസേചന വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി തയ്യാറാക്കിവരുന്നു.

മൂന്നാർ കോളനി തോട് സംരക്ഷണ ഭിത്തിയുടെ നിർമ്മാണം

174(2210) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേജർ ഇറിഗേഷൻ വഴി 2019/8626/റ്റി.എ. നന്പരായി 2021-22 എഫ്.ഡി. വർക്ക് പ്രയോറിറ്റി ലിസ്റ്റിലുൾപ്പെട്ട മൂന്നാർ ഗുരുഭവൻ ഹോട്ടലിന് സമീപമുള്ള കോളനി തോടിന്റെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പദ്ധതി വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ&ബി) മൂന്നാർ ഗുരുഭവൻ ഹോട്ടലിന് സമീപമുള്ള കോളനി തോടിന്റെ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനായി 48 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ പ്രാധാന്യവും അനുസരിച്ച് സാന്പത്തികാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ബണ്ട് റോഡ് നിർമ്മാണം

175(2211) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ ജിഡയുടെ ഫണ്ട് വകയിരുത്തിയിട്ടുള്ളതും ഇറിഗേഷൻ വകുപ്പിനെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളതുമായ വല്ലാർപാടം ദ്വീപിന് ചുറ്റും സംരക്ഷണ ഭിത്തിയും ബണ്ട് റോഡ് നിർമ്മാണവും സംബന്ധിച്ച പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ;